എൻഞ്ചിനീയർ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് കോട്ടയം മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ എക്സിക്യൂട്ടീവ് എൻഞ്ചിനീയർ 10.12.99-ൽ എ2-1000/99 പ്രകാരം കോട്ടയം റവന്യൂ ഡിവിഷണൽ ആഫീസർക്ക് നൽകിയ കത്തിൽ അലംപാകിരി-ചെല്ലിത്തറ പാടശേഖരത്തിനുവേണ്ടിയുള്ള ടി ബണ്ട് കം റോഡിന്റെ നിർമ്മാണത്തിനുവേണ്ടി നിലം നികത്തുവാൻ അനുവാദം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്. അന്തിമതീരുമാനം എടുത്തിട്ടില്ല.

313 (1500) തുറയൂർ വില്ലേജ് ഓഫീസ് കെട്ടിടം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ തുറയൂർ വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ഓഫീസിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; തുടങ്ങിവച്ച പണിക്ക് ആവശ്യമായ പണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1,20,000/- രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

(ബി) 31.3.2000-നകം പണി പൂർത്തിയാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. തറയുടെ പണി പൂർത്തിയാക്കുകയും 10,877/- രൂപ ആയതിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

314 (1505) ഹിൽസ്റ്റാർ ലൈബ്രറി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഹിൽസ്റ്റാർ ലൈബ്രറി, കുടിയാൻമല എന്ന സംഘടനയുടെ പട്ടയരേഖകൾ നഷ്ടപ്പെട്ടുപോയതു നിമിത്തം പകരം പട്ടയരേഖ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത വായനശാലയുടെ പ്രസിഡന്റ് ശ്രീ. ജോസ് കാരക്കുന്നേൽ അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(സി) ഇതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) അപേക്ഷ ലഭിക്കുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly